**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 301/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
സർവ്വലോകത്തിനുമുണ്ടാകുവാനുള്ള മഹാ സന്തോഷം വിളിച്ചറിയിക്കുന്ന ലോകരക്ഷകനായ ദൈവപുത്രന്റെ തിരുജനനത്തെ വരവേൽക്കുവാൻ പരിശുദ്ധ സഭ ഒരുങ്ങുകയാണ്. നോമ്പനുഷ്ഠാനങ്ങളുടെയും പ്രാർത്ഥനയുടെയും നിറവിൽ നമ്മുടെ ഹൃദയമാകുന്ന പുൽക്കൂട് ഒരുക്കേണ്ടതുണ്ട്. പാപത്താൽ വീണുപോയ മനുഷ്യരെ രക്ഷയുടെ തീരത്തേക്ക് നയിക്കുവാൻ ദൈവം മനുഷ്യനായി ഭൂമിയിൽ അവതാരമെടുത്തു. പിതാവാം ദൈവത്തിന്റെ കരുണയുടെ പ്രതിഫലനമാണ് ക്രിസ്തുമസ് എന്ന മഹാത്ഭുതം. *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (വി. യോഹന്നാൻ 3:16).* സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങിവന്ന സുന്ദരസുദിനത്തിൽ മനുഷ്യരും മാലാഖമാരും മൃഗജാലങ്ങളും ഒത്തുചേർന്ന് പുൽക്കൂട് പരിസ്ഥിതിയും പരിശുദ്ധിയും സംഗമിച്ച പുണ്യഭൂമിയായി മാറ്റി. ക്രിസ്തുമസ് പങ്കുവയ്ക്കുന്ന സമത്വവും സാഹോദര്യവും ഒരുമയും നമ്മുടെ ആഘോഷങ്ങളിലും നിറഞ്ഞൊഴുകട്ടെ എന്ന് നാം ആശംസിക്കുന്നു. അശരണരുടെയും ആലംബഹീനരുടെയും അടുക്കലേക്ക് ഇറങ്ങിച്ചെല്ലാനുള്ള പുണ്യദിനങ്ങളായി ഈ ജനനപ്പെരുന്നാൾ കാലത്തെ സഭാമക്കൾ തിരിച്ചറിയണം. ആർഭാടങ്ങളിലും അമിതമായ ആഘോഷങ്ങളിലും ധനം ദുർവ്യയം ചെയ്യാതെ മനുഷ്യജീവിതങ്ങളുടെ പുരോഗതിക്കുതകുന്ന കർമ്മപദ്ധതികൾക്ക് അവ പ്രയോജനപ്പെടുത്തണം. നമുക്കായി ജനിച്ച ദൈവപുത്രന്റെ നന്മയാകുന്ന പ്രകാശം നമ്മിലെല്ലാം വന്ന് പരക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒരു പുതിയ വർഷത്തിലേക്ക് പ്രവേശിക്കുവാനായി നാം ഒരുങ്ങുന്ന കാലഘട്ടം കൂടിയാണല്ലോ ഇത്. പുതുക്കം പ്രാപിച്ച മനുഷ്യരായി വിശുദ്ധിയോടെ നവവത്സരത്തെ നമുക്ക് വരവേൽക്കാം. പിന്നിട്ട വഴികളിൽ വന്നുപോയ കുറവുകളെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് പുതിയ പ്രതീക്ഷകളോടെ, പുതുനന്മകളെ പ്രാപിച്ചുകൊണ്ട് സ്വർഗ്ഗത്തെനോക്കി യാത്ര ചെയ്യുന്ന തീർത്ഥാടകസംഘത്തിൽ അണിചേരുവാൻ എല്ലാവർക്കും ഇടയാകണം. അഹങ്കാരവും സ്വാർത്ഥതയും വെടിഞ്ഞും, ദൈവകൃപകൾ പ്രാപിച്ചും പുതിയ മനുഷ്യരായി രൂപാന്തരപ്പെടുവാൻ ഏവർക്കും സാധ്യമാകണം. അനുഗ്രഹകരമായ ക്രിസ്തുമസും നന്മകൾ നിറഞ്ഞ പുതുവത്സരവും നാം ആശംസിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2024 ഡിസംബർ മാസം 05-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്, അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**